**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2595** **24-06-2024 - ൽ മറുപടിയ്ക്ക്**

**കൈത്തറി ഗ്രാമം പദ്ധതി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കൈത്തറി ഗ്രാമം പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ; | (എ) | കേരളത്തിന്റെ പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയെ, അതിന്റെ അതുല്യമായ സവിശേഷതകൾ പൊതു സമൂഹത്തിനു അവബോധം നൽകുന്ന രീതിയിൽ അവതരിപ്പിച്ച്, ഈ മേഖലയുടെ വളർച്ചയ്ക്ക് പുതിയ സാധ്യതകൾ കണ്ടെത്തുക എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് "കൈത്തറി ഗ്രാമം".<br><br>വിവിധ നെയ്ത്ത് മേഖലകളിൽ നിന്നുള്ള കൈത്തറി നെയ്ത്തുകാരുടെ ഉത്പന്നങ്ങളുടെ പ്രദർശനത്തിനും വിപണത്തിനും പദ്ധതി സഹായകരമാകും. കൂടാതെ, രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള നെയ്ത്തുകാരുടെ പങ്കാളിത്തത്തിലൂടെ ഈ മേഖലയിലുള്ള അറിവ് പങ്കുവയ്ക്കുന്നത് കൈത്തറി മേഖലയുടെ വികസനത്തിന് ഊർജം പകരും. സംസ്ഥാനത്തെ നെയ്ത്തുകാർക്ക് ഈ മേഖലയിൽ പുതിയ അറിവും പരിശീലനവും നേടാനുള്ള വേദി കൂടി ഇതിലൂടെ ലഭ്യമാകുന്നതാണ് .<br><br>സംസ്ഥാനത്ത്, എറണാകുളം ജില്ലയിലെ ചേന്ദമംഗലത്തും, കണ്ണൂർ ജില്ലയിലെ കാഞ്ഞിരോട്ടും ഓരോ കൈത്തറി ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>കാഞ്ഞിരോട് കൈത്തറി ഗ്രാമം പദ്ധതിയ്ക്കായി 2.33 കോടി രൂപയും കൈത്തറി ഗ്രാമവും സംയോജിത കൈത്തറി ഗ്രാമവും പദ്ധതിയ്ക്കായി 4 കോടി രൂപയും നടപ്പ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട് |
| (ബി) | തളിപ്പറമ്പ്, മൊറാഴ, മയ്യിൽ എന്നീ പ്രദേശങ്ങളിൽ കൈത്തറി ഗ്രാമം പദ്ധതി നടപ്പാക്കുന്നത് പരിഗണിക്കാമോ? | (ബി) | തളിപ്പറമ്പ് മണ്ഡലത്തിൽ ഒരു കൈത്തറി ഗ്രാമം സ്ഥാപിക്കുന്നതിലെ സാധ്യത പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ കണ്ണൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ